**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2749** **24-02-2026 - ൽ മറുപടിയ്ക്ക്**

**പാലാ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പാലാ മണ്ഡലത്തിലെ ചൊവ്വൂർ, കടനാട് പഞ്ചായത്തിലെ ചാത്തൻകുന്ന്, കരൂർ പഞ്ചായത്തിലെ നെല്ലാനിക്കാട്ട് എന്നീ പ്രദേശങ്ങൾക്ക് അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഫണ്ട് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പാലാ മണ്ഡലത്തിലെ ചൊവ്വൂർ IHDP, ചാത്തൻകുന്ന് പട്ടികവർഗ്ഗ ഉന്നതികളെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തുകയും വിവിധ പാർട്ട് ബിൽ ഇനങ്ങളിൽ യഥാക്രമം ആകെ 50,98,361/- രൂപ, 22,49,700/- രൂപ അനുവദിച്ചിട്ടുമുണ്ട്. ശേഷിക്കുന്ന പാർട്ട് ബിൽ തുകകൾ അസിസ്റ്റന്റ് എൻജിനീയറുടെ പരിശോധനാ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. കരൂർ പഞ്ചായത്തിലെ നെല്ലാനിക്കാട്ട്പ്പാറ പട്ടികജാതി നഗറിലെ നവീകരണ പ്രവർത്തനങ്ങൾക്കായി 28,07,316/- രൂപ അനുവദിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസി ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതാണ്. |
| (ബി) | കൂട്ടതലാളുകൾ തിങ്ങിപ്പാർക്കുന്ന പ്രസ്തുത പ്രദേശങ്ങളിൽ ഈ പദ്ധതി പ്രകാരം ഏതൊക്കെ പ്രവർത്തികളാണ് നിലവിൽ നടപ്പാക്കുന്നതെന്നും പുതിയ പദ്ധതികൾ തയ്യാറായിട്ടുണ്ടോയെന്നും വിശദമാക്കാമോ? | (ബി) | നെല്ലാനിക്കാട്ട്പ്പാറ നഗറിൽ ഭവനപുനരുദ്ധാരണം, പമ്പ് ഹൗസ് നവീകരണം, ജല സംഭരണി സ്ഥാപിക്കൽ, സംരക്ഷണ ഭിത്തി നിർമ്മാണം, കിണർ നവീകരണവും പമ്പ് സെറ്റ് സ്ഥാപിക്കൽ എന്നീ പ്രവർത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ചൊവ്വൂർ IHDP ഉന്നതിയിൽ അംഗൻവാടി റോഡിന്റെ കലുങ്ക് നിർമ്മാണം, മുത്താനിക്കൽ പാലത്തിന്റെ പുനരുദ്ധാരണം, പള്ളി സ്ഥലത്തിന്റെ റോഡ് കോൺക്രീറ്റിംഗ്, മുതലപ്പാറ തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം, ചൊവ്വൂർ പാറേക്കായം ബാലവാടി റോഡിന്റെ ടാറിംഗ്, റൂഫ് ട്രസ് നിർമ്മാണം- 5 വീടുകൾക്ക്, പുൽവെട്ട് യന്ത്രം - 9 പേർക്ക്, മരംവെട്ട് യന്ത്രം -5 പേർക്ക്, ഭവനപുനരുദ്ധാരണം -6 പേർക്ക് എന്നീ പ്രവർത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കടനാട് പഞ്ചായത്തിലെ ചാത്തൻകുന്ന് നഗറിലെ 10 വീടുകൾക്ക് സംരക്ഷണഭിത്തിയും, ചുറ്റുമതിലും, ഭവനപുനരുദ്ധാരണം 8 വീടുകൾ, നഗറിനുള്ളിലെ റോഡ് കോൺക്രീറ്റിംഗ്, കോൺക്രീറ്റ് ഓട |

| | | | |
|---|---|---|---|
| | | | നിർമ്മാണം, ഇലക് ട്രിഫിക്കേഷൻ 9 വീട്ടുകൾ, ടോയ് ലെറ്റ് നിർമ്മാണം 9 വീട്ടുകൾ, ഭവനനിർമ്മാണം 1 ആൾക്ക് എന്നീ പ്രവർത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പുതിയ പദ്ധതികൾ നിർദ്ദേശിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ